# M.J.S.S.A. വാർഷിക പരീക്ഷ 2019
# Plus Two

**Reg.No .................. Marks-100**
**Signature ......................... Time 2.30 Hrs**

## ഒറ്റവാക്കിൽ ഉത്തരം എഴുതുക. 15x1=15

1. സമവീക്ഷണ സുവിശേഷങ്ങളിൽ ഉൾപ്പെടാത്ത സുവിശേഷം ഏത് ?
2. "സാർവ്വത്രിക സഭാമല്പ്പാൻ"എന്ന് വിളിക്കപ്പെടുന്ന പിതാവ് ആര് ?
3. ഗ്രീക്ക് സഭയിലെ സന്യാസ പ്രസ്ഥാനത്തിന്റെ പിതാവ് ആര്?
4. പുതിയനിയമത്തിൽ വിവാഹത്തിന്റെ കൗദാശികതയെ വിശദമാക്കുന്നത് ആരുടെ ലേഖനങ്ങളാണ് ?
5. പരി.സുറിയാനി സഭയിൽ പ്രധാനമായും എത്ര നോമ്പുകളാണ് ഉള്ളത് ?
6. കർത്താവ് തന്റെ ദൗത്യത്തിൽപങ്കുകാരനാക്കി പത്രോസിന് നൽകിയ നാമം എന്ത് ?
7. ആദ്യമായി എഴുതപ്പെട്ട സുവിശേഷം ഏത് ?
8. പരി.സഭയുടെ ഇപ്പോഴത്തെ മെത്രാപ്പോലീത്തൻ ട്രസ്റ്റി ?
9. സ്ത്രീ-പുരുഷ ബന്ധം ദൈവത്താൽ സ്ഥാപിതമായി എന്ന വിശ്വാസപ്രഖ്യാപനം വ്യക്തമാക്കുന്ന വി.ഗ്രന്ഥത്തിലെ പുസ്തകമേത് ?
10. "മനഃസാക്ഷിയുടെ നിർഭയസ്വരം മാന്യമായ വിധം അവതരിപ്പിക്കപ്പെടുമ്പോഴാണ് നിർഭയമായ പത്രപ്രവർത്തനം സാദ്ധ്യമാവുന്നത്." മാദ്ധ്യമപ്രവർത്തനം സംബന്ധിച്ച് ഈ അഭിപ്രായം ആരുടേതാണ് ?
11. യേരുശലേമിൽ സ്ഥാപിതമായ സഭ ആരുടെ മരണത്തോടെയാണ് വിവിധ സ്ഥലങ്ങളിലേക്ക് ചിതറിപ്പോയത് ?
12. ദരിദ്രരുടെ സുവിശേഷം എന്ന് അറിയപ്പെടുന്ന ഗ്രന്ഥം ഏത് ?
13. കപ്പദോക്യൻ പിതാക്കന്മാരിൽ നിസായുടെ നക്ഷത്രം എന്നറിയപ്പെടുന്നതാര്?
14. "നിങ്ങളുടെ വീടുകളെ സഭയാക്കുക" എന്ന് ആഹ്വാനം ചെയ്തതാര് ?
15. "ജനാധിപത്യത്തിന്റെ നാലാം തൂണ്" എന്ന് വിശേഷിപ്പിക്കപ്പെടുന്നതെന്ത്?

## ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 15x2 = 30

16. സുവിശേഷങ്ങൾ എന്നാലെന്ത് ?
17. ഡിഡാക്കെയുടെ പൊതുവായ ഉള്ളടക്കങ്ങൾ ഏതെല്ലാം ?
18. മാദ്ധ്യമങ്ങളുടെ ചുമതലയും കടമയുമായി പൊതുവിൽ കരുതുന്നതെന്തെല്ലാം?
19. എപ്പിസ്ക്കോപ്പൽ സഭ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തെന്ന് വ്യക്തമാക്കുക ?
20. "നിങ്ങൾ ഭൂമിയിൽ ആരെയും പിതാവെന്നു വിളിക്കരുത്. ഒരുവനത്രെ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥനായ പിതാവു തന്നെ" (വി.മത്താ.23:9) ക്രിസ്തു ഈ പ്രസ്താവന നടത്തുന്നതിന്റെ കാരണമെന്ത് ?

*മറുപുറം*



21. പെസഹാകുഞ്ഞാട് ക്രിസ്തുവിൽ യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്ന ത്രിവിധ രീതികൾ ഏതെല്ലാം എന്നാണ് മോർ അപ്രേം പറയുന്നത് ?
22. ഭാര്യ-ഭർതൃ സ്നേഹത്തിന്റെ സ്വഭാവത്തെക്കുറിച്ച് എഫെസ്യർക്കുള്ള ലേഖനത്തിൽ വിശദമാക്കുന്നത് എപ്രകാരമാണ് ?
23. യഹൂദ സഭയ്ക്ക് പരിചിതമായ ഭാഷയും വിഷയങ്ങളും പ്രബോധനങ്ങളുമാണ് വി.മത്തായിയുടെ സുവിശേഷത്തിൽ കാണുന്നത്. കാരണമെന്ത്?
24. ഒരു വിശ്വാസിക്ക് നോമ്പുകളുടെ ആവശ്യകത എന്ത് ?
25. മനുഷ്യന്റെ സ്വാതന്ത്ര്യം സംബന്ധിച്ച് മോർ ഗ്രീഗോറിയോസിന്റെ ദാർശനിക അപഗ്രഥനം എന്ത് ?
26. നിരവധി സുവിശേഷങ്ങൾ പ്രചരിപ്പിക്കപ്പെട്ടപ്പോൾ അവയിൽ നാല് സത്യ സുവിശേഷങ്ങൾ നിജപ്പെടുത്തിയതെങ്ങനെ ?
27. പരി.സുറിയാനി സഭ, അന്ത്യോഖ്യൻ സഭ എന്നു കൂടി അറിയപ്പെടുന്നത് എന്തുകൊണ്ട് ?
28. പരി.സഭ, കപ്പദോക്യൻ പിതാക്കന്മാരെ സ്മരിക്കുന്നതിനായി ക്രമീകരണം ചെയ്തിട്ടുള്ളതെന്തെല്ലാം ?
29. മാദ്ധ്യമം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
30. പുതിയനിയമം വ്യക്തമാക്കുന്ന വിവാഹത്തിന്റെ ഏകത്വം എന്താണ് ?

## ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക. 3x5 = 15

31. വി.യോഹന്നാന്റെ സുവിശേഷം മറ്റ് സുവിശേഷങ്ങളിൽ നിന്ന് വേറിട്ട് നിൽക്കുന്നത് എപ്രകാരം ?
32. നിഖ്യസുന്നഹദോസിൽ മോർ അത്താനാസ്യോസ് വഹിച്ച പങ്ക് എന്ത് ?
33. ഒരു സന്തുഷ്ട ക്രൈസ്തവ കുടുംബം ഒന്നിച്ച് ചേർന്ന് ചെയ്യുന്ന കാര്യങ്ങൾ ഏവ ?

## ഗീതം പൂരിപ്പിക്കുക. 1x6 = 6

34. മഹിമയോടാക്കബറീന്നു........
.........................മൺമയരെയും

## പ്രാർത്ഥന പൂർത്തിയാക്കുക. 1x10 = 10

35. ബാറക്മോർ. രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ......
................. ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

## നാലു പേജിൽ കുറയാതെ ഉപന്യസിക്കുക. 1x12 = 12

36. മാദ്ധ്യമങ്ങളുടെ ദുഃസ്വാധീനം എപ്രകാരം സമൂഹത്തെ ബാധിക്കുന്നു എന്ന് വ്യക്തമാക്കുക. **അല്ലെങ്കിൽ**
ക്രൈസ്തവ കുടുംബം നേരിടുന്ന വെല്ലുവിളികൾ
37. സുറിയാനി സഭയുടെ സവിശേഷതകൾ **1x12 = 12**

**അല്ലെങ്കിൽ**

മോർ ഗ്രീഗോറിയോസിന്റെ "മോശയുടെ ജീവിതം" എന്ന കൃതിയിലെ പുറപ്പാട് എന്ന ഭാഗം നമ്മുടെ ആത്മീയ യാത്രയ്ക്ക് ഉജ്ജീവനം നൽകുന്നു. വിശദമാക്കുക.